## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട 21 -ാം നമ്പർ ചോദ്യം 11.06.2012 -ലെ മറുപടിക്ക്
### റവന്യൂ കമ്മിയും വായ്പകളും കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ഡോ ടി.എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) റവന്യൂകമ്മിയും വായ്പകളും കുറയ്ക്കുന്നതിലേയ്ക്കുള്ള ഈ സർക്കാരിന്റെ ലക്ഷ്യവും സ്വീകരിച്ച നടപടികളും സംബന്ധിച്ച് വിശദമാക്കാമോ; | (എ) റവന്യൂകമ്മി കുറയ്ക്കുന്നതിലേയ്ക്ക് റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ പലതും ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 2011-12 ൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ നടപടികൾ തുടങ്ങുകയുണ്ടായി. നികുതി തട്ടിപ്പ് ഒഴിവാക്കുന്നതിനായി നികുതി നിരീക്ഷണ സെൽആരംഭിച്ചു. ശരിയായ രീതിയിൽ വാറ്റ് അസസ്മെന്റ് നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. ആഡംബരകാറുകൾക്ക് 2% സെസ് ഏർപ്പെടുത്തി. ആൽക്കഹോൾ ഉൽപ്പന്നങ്ങൾക്ക് 1% അധിക സെസ് ഏർപ്പെടുത്തി. 2011-12 ൽ അന്യസംസ്ഥാന ലോട്ടറികൾ പൂർണ്ണമായി നിറുത്തലാക്കുകയും സംസ്ഥാനം നടത്തുന്ന നറുക്കുകളുടെ എണ്ണം കൂട്ടുകയുമുണ്ടായി. ഇതിന്റെ ഫലമായി 2010-11ൽ 557.69 കോടി രൂപയായിരുന്ന വരുമാനം 2011-12ൽ 1287.02 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. . കൂടാതെ 2012-13 ലെ ബഡ്ജറ്റിൽ 1512.05 കോടി രൂപയുടെ |

| | |
|---|---|
| | അധിക വിഭവശേഖരണം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുമുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന പരിധിക്കുള്ളിൽനിന്നു മാത്രമാണ് വായ്പകൾ വാങ്ങിക്കുന്നത്. |
| (ബി) ഇപ്പോഴത്തെ കമ്മി എത്ര; ഇതു സംബന്ധമായി കേന്ദ്ര ആസൂത്രണ കമ്മീഷന്റെയും ഇൻഡ്യാ ഗവൺമെന്റിന്റേയും നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) 2012-13-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് റവന്യു കമ്മി 0.89 ശതമാനമായും ധനകമ്മി 2.74 ശതമാനമായും തിട്ടപ്പെടുത്തിയിട്ടുണ്ട്. കമ്മിയെ സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ നിർദ്ദേശങ്ങളൊന്നും വച്ചിട്ടില്ല. എന്നാൽ 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് 2012-13-ൽ റവന്യൂകമ്മിയും ധനകമ്മിയും യഥാക്രമം 0.90 ശതമാനവും 3.5 ശതമാനവുമായി ക്രമീകരിക്കേണ്ടതുണ്ട്. |
| (സി) എന്തെല്ലാം കാര്യങ്ങൾക്ക് സർക്കാർ കടം വാങ്ങരുതെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (സി).സംസ്ഥാനങ്ങൾക്ക് കേന്ദ്രം കടമെടുപ്പനുവദിക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (3) പ്രകാരമാണ്. കൂടാതെ ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് കേന്ദ്ര ധനമന്ത്രാലയം സംസ്ഥാനങ്ങൾക്ക് കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകാറുണ്ട്. ഈ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാനങ്ങൾക്ക് കടമെടുക്കുവാൻ സാധിക്കുകയുള്ളു 2014-15-ാമാണ്ടോടുകൂടി റവന്യൂ കമ്മി ഇല്ലാതാക്കുകയും കടമെടുക്കുന്ന തുക മൂലധന ചെലവുകൾക്ക് വിനിയോഗിക്കുകയും വേണം എന്ന് ധന ഉത്തരവാദിത്ത നിയമം അനുശാസിക്കുന്നതനുസരിച്ച് റവന്യൂ |

| | |
|---|---|
| | വരുമാനം വർദ്ധിപ്പിച്ച് റവന്യൂ കമ്മി ഇല്ലാതാക്കി കടമെടുക്കുന്ന തുക മൂലധന ചെലവിനായി വിനിയോഗിക്കണം എന്നുള്ളതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്രകോടി രൂപ കടം വാങ്ങുകയുണ്ടായി ; ഏതെല്ലാം മാർഗ്ഗത്തിലെന്ന് അറിയിക്കുമോ ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം 8568.98 കോടി രൂപയുടെ (തനി) കടം എടുത്തിട്ടുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ പൊതു വിപണിയിൽ നിന്നും 2000 കോടി രൂപ ഇതുവരെയുള്ള കാലയളവിൽ കടമായി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) 2011-12 വർഷത്തിൽ കേരളത്തിൽ റവന്യൂ വരുമാനം എത്രയായിരുന്നു; മുൻവർഷത്തിലേതിനേക്കാൾ എത്ര ശതമാനം കൂടി; കടബാധ്യത എത്രയായി കുറഞ്ഞു? | (ഇ) പ്രാഥമിക കണക്കുകൾ പ്രകാരം 2011-12 ലെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം 37221.58 കോടി രൂപയാണ്. ഇത് മുൻവർഷത്തേക്കാൾ 20 ശതമാനം വർദ്ധനവാണ്. 2012 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 87,242.22 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ.